# മധുരമായ കുട്ടികളേ- പഴയ ലോകത്തിലെ മുള്ളുകളെ പുതിയ ലോകത്തിലെ പുഷ്പങ്ങളാക്കി മാറ്റുക- ഇത് നിങ്ങൾ സമർത്ഥരായ പൂന്തോട്ടക്കാരുടെ ജോലിയാണ്.

**ചോദ്യം-** സംഗമയുഗത്തിൽ നിങ്ങൾ കുട്ടികൾ ഏതൊരു ശ്രേഷ്ഠ ഭാഗ്യമാണ് ഉണ്ടാക്കുന്നത്?
**ഉത്തരം-** മുള്ളിൽ നിന്നും സുഗന്ധമുള്ള പുഷ്പമായി മാറുക- ഇതാണ് സർവ്വശ്രേഷ്ഠ ഭാഗ്യം. അഥവാ ഏതെങ്കിലും ഒരു വികാരം ഉണ്ടെങ്കിൽ പോലും മുള്ളാണ്. എപ്പോൾ മുള്ളിൽ നിന്നും പുഷ്പമാകുന്നുവോ അപ്പോഴേ സതോപ്രധാനമായ ദേവീ ദേവതയാവൂ. നിങ്ങൾ കുട്ടികൾ ഇപ്പോൾ 21 തലമുറയ്ക്കായി തന്റെ സൂര്യവംശീ ഭാഗ്യം ഉണ്ടാക്കാൻ വന്നിരിക്കുകയാണ്.

**ഗീതം-** ഭാഗ്യം ഉണർത്തി വന്നിരിക്കുന്നു...........

**ഓം ശാന്തി**. ഗീതം കുട്ടികൾ കേട്ടുവല്ലോ. ഇത് സാധാരണ ഗീതമാണ് എന്തുകൊണ്ടെന്നാൽ നിങ്ങളാണ് തോട്ടം സംരക്ഷിക്കുന്നവർ, ബാബയാണ് തോട്ടത്തിന്റെ ഉടമസ്ഥൻ. ഇപ്പോൾ പൂന്തോട്ടക്കാർ മുള്ളിനെ പുഷ്പമാക്കി മാറ്റണം. ഈ വാക്കുകൾ വളരെ വ്യക്തമാണ്. ഭക്തർ ഭഗവാന്റെ അടുത്തേയ്ക്ക് വന്നിരിക്കുകയാണ്. ഇവർ എല്ലാവരും ഭക്തരല്ലേ. ഇപ്പോൾ ജ്ഞാനത്തിന്റെ പഠിപ്പ് പഠിക്കാൻ ബാബയുടെ അടുത്തേയ്ക്ക് വന്നിരിക്കുകയാണ്. ഈ രാജയോഗത്തിന്റെ പഠിപ്പിലൂടെയാണ് നിങ്ങൾ ലോകത്തിന്റെ അധികാരിയായി മാറുന്നത്. അതിനാൽ ഭക്തർ പറയുകയാണ്- ഞങ്ങൾ ഭാഗ്യം ഉണർത്താൻ വന്നിരിക്കുകയാണ്, പുതിയ ലോകത്തെ മനസ്സിൽ അലങ്കരിച്ച് വന്നിരിക്കുകയാണ്. ബാബയും ദിവസവും പറയുന്നുണ്ട് അതായത് മധുരമായ വീടിനേയും മധുരമായ രാജധാനിയേയും ഓർമ്മിക്കൂ. ആത്മാവിനെ ഓർമ്മിക്കണം. ഓരോ സെന്ററിലും മുള്ളുകളിൽ നിന്നും പുഷ്പമായി മാറുകയാണ്. പുഷ്പങ്ങളിലും നമ്പർവൈസ് ആയിരിക്കുമല്ലോ. ശിവന് പുഷ്പം അർപ്പിക്കാറുണ്ട്, ഓരോരുത്തരും ഏതെല്ലാം വിധത്തിലുള്ള പുഷ്പങ്ങളാണ് അർപ്പിക്കുന്നത്. പനിനീർ പുഷ്പവും എരിക്കിൻപൂവും തമ്മിൽ രാത്രിയുടേയും പകലിന്റേയും വ്യത്യാസമുണ്ട്. ഇതും പൂന്തോട്ടമാണ്. ചിലർ മുല്ലപ്പൂവാണ്, ചിലർ ചെമ്പകമാണ്, ചിലർ സാധാരണ പൂക്കളാണ്. എന്നാൽ ചിലർ എരിക്കിൻപൂവാണ്. കുട്ടികൾക്ക് അറിയാം ഈ സമയത്ത് എല്ലാവരും മുള്ളുകളാണ്. ഈ ലോകം തന്നെ മുള്ളുകളുടെ കാടാണ്, ഇതിനെ പുതിയ ലോകത്തിലെ പൂവാക്കി മാറ്റണം. ഈ പഴയ ലോകത്തിൽ മുള്ളുകളാണുള്ളത്, അതിനാൽ ഗീതത്തിലും പറയുന്നു ഞങ്ങൾ പഴയ ലോകത്തിലെ മുള്ളിൽ നിന്നും പുതിയ ലോകത്തിലെ പുഷ്പമായി മാറാനാണ് ബാബയുടെ അടുത്തേയ്ക്ക് വന്നത്. ബാബ പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുകയാണ്. മുള്ളിൽ നിന്നും പൂവ് അഥവാ ദേവീ ദേവതയാകണം. ഗീതത്തിന്റെ അർത്ഥം എത്ര സഹജമാണ്. നമ്മൾ വന്നിരിക്കുന്നത് പുതിയ ലോകത്തിനായി ഭാഗ്യം ഉണർത്താനാണ്. പുതിയ ലോകമാണ് സത്യയുഗം. ചിലരുടേത് സതോപ്രധാനമായ ഭാഗ്യമാണ്, ചിലരുടേത് രജോയും ചിലരുടേത് തമോയുമാണ്. ചിലർ സൂര്യവംശീ രാജാവായി മാറും. ചിലർ പ്രജയും, ചിലരാണെങ്കിലോ പ്രജയുടേയും സേവകരാകും. ഇവിടെ പുതിയ ലോകത്തിലെ രാജധാനി സ്ഥാപിതമാവുകയാണ്. സ്ക്കൂളിൽ ഭാഗ്യം ഉണ്ടാക്കാനല്ലേ പോകുന്നത്. ഇവിടെയുള്ളത് പുതിയ ലോകത്തിന്റെ കാര്യമാണ്. ഈ പഴയ ലോകത്തിൽ എന്ത് ഭാഗ്യം ഉണ്ടാക്കാനാണ്! നിങ്ങൾ ഭാവിയിലെ പുതിയ ലോകത്തിൽ ദേവീ ദേവതയാകുന്നതിനുള്ള ഭാഗ്യം ഉണ്ടാക്കുകയാണ്, ഈ ദേവതകളെ എല്ലാവരും നമസ്ക്കരിച്ചുവരുന്നു. നമ്മൾ തന്നെയായിരുന്നു പൂജ്യരായ ദേവതകൾ പിന്നീട് നമ്മൾ തന്നെ പൂജാരിയായി മാറി. 21 ജന്മങ്ങളിലേയ്ക്കുള്ള സമ്പത്ത് ബാബയിൽ നിന്നും ലഭിക്കുന്നു, ഇതിനെയാണ് 21 തലമുറ എന്നു പറയുന്നത്. തലമുറ എന്ന് വൃദ്ധാവസ്ഥ വരെയുള്ളതിനാണ് പറയുന്നത്. ബാബ 21 തലമുറയ്ക്കുള്ള സമ്പത്താണ് നൽകുന്നത് എന്തുകൊണ്ടെന്നാൽ യൗവനാവസ്ഥയിലോ കുട്ടിയായിരിക്കുമ്പോഴോ ഇടയിൽ വെച്ച് അകാലമൃത്യു ഉണ്ടാകില്ല അതിനാലാണ് അതിനെ അമരലോകം എന്ന് പറയുന്നത്. ഇത് മൃത്യുലോകമാണ്, രാവണരാജ്യമാണ്. ഇവിടെ എല്ലാവരിലും വികാരങ്ങൾ പ്രവേശിച്ചിട്ടുണ്ട്, ആരിലെങ്കിലും ഒരു വികാരം ഉണ്ടായാൽ മതി അവർ മുള്ളാണ്. ബാബ മനസ്സിലാക്കും തോട്ടക്കാരന് രാജകീയമായ സുഗന്ധമുള്ള പുഷ്പങ്ങൾ ഉണ്ടാക്കാൻ അറിയില്ല. തോട്ടക്കാരൻ സമർത്ഥനാണെങ്കിൽ നല്ല നല്ല പുഷ്പങ്ങൾ തയ്യാറാക്കും. വിജയമാലയിൽ കോർക്കപ്പെടുന്ന തരത്തിലുള്ള പുഷ്പങ്ങൾ വേണം. ദേവതകൾക്കായി നല്ല നല്ല പുഷ്പങ്ങൾ കൊണ്ടുപോകാറില്ലേ. എലിസബത്ത് രാജ്ഞി വരുകയാണെന്നുണ്ടെങ്കിൽ നല്ല നല്ല പൂക്കൾകൊണ്ട് മാലയുണ്ടാക്കി കൊണ്ടുപോകും. ഇവിടെയുള്ള മനുഷ്യർ തമോപ്രധാനമാണ്. ശിവക്ഷേത്രത്തിലേയ്ക്കും പോകുന്നു, ഇത് ഭഗവാനാണ് എന്ന് മനസ്സിലാക്കുന്നുണ്ട്. ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാരെ ദേവത എന്നാണ് പറയുക. ശിവനെയാണ് ഭഗവാൻ എന്ന് പറയുന്നത്. എങ്കിൽ ശിവൻ ഉയർന്ന

തിലും ഉയർന്നതായില്ലേ. ഇപ്പോൾ ശിവനെക്കുറിച്ച് ഉമ്മത്തിൻ കായ കഴിക്കുമായിരുന്നു ലഹരി പാനീയങ്ങൾ കുടിച്ചിരുന്നു എന്നെല്ലാം പറയുന്നു. എത്ര ഗ്ലാനി ചെയ്യുന്നു. എരിക്കിൻ പൂവാണ് കൊണ്ടുപോകുന്നതും. ഇപ്പോൾ ഇങ്ങനെയുള്ള പരമപിതാ പരമാത്മാവിന്റെ പക്കലേയ്ക്ക് എന്താണ് കൊണ്ടുവരുന്നത്! തമോപ്രധാനമായ മുള്ളുകളുടെ മുന്നിലേയ്ക്ക് ഒന്നാന്തരം പുഷ്പങ്ങൾ കൊണ്ടുപോകുന്നു എന്നാൽ ശിവക്ഷേത്രത്തിലേയ്ക്ക് എന്താണ് കൊണ്ടുവരുന്നത്! പാലും എങ്ങനെയാണ് അർപ്പിക്കുന്നത്? 5 ശതമാനം പാലും 95 ശതമാനം വെള്ളവുമാണ്. ഭഗവാന് പാല് എങ്ങനെ സമർപ്പിക്കണം- ഒന്നും അറിയില്ല. ഇപ്പോൾ നിങ്ങൾക്ക് നന്നായി അറിയാം. നിങ്ങളും നമ്പർവൈസാണ്, ആർക്കാണോ നന്നായി അറിയുന്നത് അവരെ സെന്ററിന്റെ ഹെഡ് ആക്കും. എല്ലാവരും ഒരുപോലെയായിരിക്കില്ലല്ലോ. തീർച്ചയായും പഠിപ്പ് ഒന്നേയുള്ളു, മനുഷ്യനിൽ നിന്നും ദേവതയാവുക എന്ന ലക്ഷ്യവും ഒന്നാണ് പക്ഷേ ടീച്ചേഴ്സ് നമ്പർവൈസ് അല്ലേ. വിജയമാലയിൽ വരുന്നതിനുള്ള മുഖ്യ ആധാരം പഠിപ്പാണ്. പഠിപ്പ് ഒന്നേയുണ്ടാകൂ പക്ഷേ അതിൽ പാസാകുന്നത് നമ്പർവൈസ് ആയാണ്. എല്ലാം പഠിപ്പിന്റെ ആധാരത്തിലാണ്. ചിലർ വിജയമാലയിലെ 8 മണികളിൽ വരും, ചിലർ 108ൽ, ചിലർ 16108ലായിരിക്കും. വംശങ്ങൾ ഉണ്ടാക്കുകയാണല്ലോ. എങ്ങനെയാണോ വൃക്ഷത്തിന്റെ ശാഖകൾ ഉണ്ടാകുന്നത്, ആദ്യമാദ്യം ഒരു ഇല, പിന്നീട് രണ്ട് അങ്ങനെ വർദ്ധിച്ചുകൊണ്ടിരിക്കും. ഇതും വൃക്ഷമാണ്. അതിൽ ശാഖകൾ ഉണ്ടാകും, കൃപലാനി മുതലായ ജാതി ഉള്ളതുപോലെ, പക്ഷേ അതെല്ലാം പരിധിയുള്ള ജാതികളാണ്. ഇത് പരിധിയില്ലാത്ത ജാതിയാണ്. ഇതിൽ ആദ്യമാദ്യം ആരാണ്? പ്രജാപിതാ ബ്രഹ്മാവ്. അവരെ ഗ്രേറ്റ് ഗ്രേറ്റ് ഗ്രാൻഡ്ഫാദർ എന്നാണ് പറയുന്നത്. പക്ഷേ ഇത് ആർക്കും അറിയില്ല. മനുഷ്യർക്ക് ആർക്കും അല്പം പോലും അറിയില്ല ഈ സൃഷ്ടിയുടെ രചയിതാവ് ആരാണെന്ന്? തീർത്തും അഹല്യയെപ്പോലെ കല്ലുബുദ്ധികളാണ്. എപ്പോൾ ഇങ്ങനെയാകുന്നുവോ അപ്പോഴാണ് ബാബ വരുന്നത്.

നിങ്ങൾ ഇവിടേയ്ക്ക് വന്നിരിക്കുന്നത് അഹല്യയുടെ ബുദ്ധിയിൽ നിന്നും പവിഴബുദ്ധിയായി മാറാനാണ്. അതിനാൽ ജ്ഞാനവും ധാരണ ചെയ്യേണ്ടേ. ബാബയെ തിരിച്ച് അറിയണം എന്നിട്ട് പഠിപ്പിനെക്കുറിച്ച് ചിന്തിക്കണം. ഇന്നു വന്നു, നാളെ ശരീരം വിട്ടു എന്നു കരുതു എന്ത് പദവി നേടാൻ സാധിക്കും. ജ്ഞാനം ഒന്നും നേടിയില്ല, ഒന്നും പഠിച്ചില്ലെങ്കിൽ പിന്നെ എന്ത് പദവി നേടും! ദിനംപ്രതി വൈകി ശരീരം വിടുന്നവർക്ക് സമയം കുറച്ച് ലഭിക്കും എന്തെന്നാൽ സമയം കുറഞ്ഞുവരികയല്ലേ, അതിൽ ജന്മം എടുത്തിട്ട് എന്ത് ചെയ്യാൻ സാധിക്കും. ങാ, നിങ്ങളിൽ ആരാണോ പോകുന്നത് അവർ നല്ലവീട്ടിൽ ജന്മം എടുക്കും. സംസ്ക്കാരം കൊണ്ടുപോകുന്നതിനാൽ ആ ആത്മാവ് പെട്ടെന്ന് തിരിച്ചറിയും പിന്നീട് ശിവബാബയെ ഓർമ്മിക്കാൻ തുടങ്ങും. സംസ്ക്കാരം ഇല്ലെങ്കിൽ ഒന്നും സംഭവിക്കില്ല. ഇതിൽ വളരെ സൂക്ഷ്മമായി മനസ്സിലാക്കണം. പൂന്തോട്ടക്കാരൻ വളരെ നല്ല നല്ല പുഷ്പങ്ങൾ കൊണ്ടുവരികയാണെങ്കിൽ അവരുടെ മഹിമയുണ്ടാകും, പുഷ്പങ്ങൾ ഉണ്ടാക്കുക എന്നത് തോട്ടക്കാരന്റെ ജോലിയല്ലേ. ഇങ്ങനെ ഒരുപാട് കുട്ടികളുണ്ട്, അവർക്ക് ബാബയെ ഓർമ്മിക്കാനേ അറിയില്ല. ഭാഗ്യത്തിന്റെ ആധാരത്തിലല്ലേ. ഭാഗ്യത്തിൽ ഇല്ലെങ്കിൽ പിന്നെ ഒന്നും മനസ്സിലാക്കുകയില്ല. ഭാഗ്യശാലികളായ കുട്ടികൾ ബാബയെ യഥാർത്ഥരീതിയിൽ മനസ്സിലാക്കി പൂർണ്ണമായും ഓർമ്മിക്കും. ബാബയോടൊപ്പം പുതിയ ലോകത്തേയും ഓർമ്മിക്കും. ഗീതത്തിലും പറയുന്നുണ്ടല്ലോ- നമ്മൾ പുതിയ ലോകത്തിനായി പുതിയ ഭാഗ്യം ഉണ്ടാക്കാൻ വന്നിരിക്കുകയാണ്. 21 ജന്മങ്ങളിലേയ്ക്ക് ബാബയിൽ നിന്നും രാജ്യഭാഗ്യം എടുക്കണം. ഈ ലഹരിയിലും സന്തോഷത്തിലും ഇരുന്നാൽ ഇങ്ങനെയുള്ള ഗീതങ്ങളുടെ അർത്ഥം സൂചനകളിലൂടെ മനസ്സിലാകും. സ്ക്കൂളിലും ആരുടെയെങ്കിലും ഭാഗ്യത്തിൽ ഇല്ലെങ്കിൽ അവർ തോറ്റുപോകും. ഇതാണെങ്കിൽ വളരെ വലിയ പരീക്ഷയാണ്. സ്വയം ഭഗവാൻ ഇരുന്ന് പഠിപ്പിക്കുകയാണ്. ഈ ജ്ഞാനം എല്ലാ ധർമ്മത്തിലും ഉള്ളവർക്കാണ്. ബാബ പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനായ എന്നെ ഓർമ്മിക്കു. നിങ്ങൾക്ക് അറിയാം ഒരു ദേഹധാരിയായ മനുഷ്യനേയും ഭഗവാൻ എന്നു പറയാൻ സാധിക്കില്ല. ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാരെയും ഭഗവാൻ എന്നു വിളിക്കില്ല. അവരും സൂക്ഷ്മ വതനവാസി ദേവതകളാണ്. ഇവിടെയുള്ളത് മനുഷ്യരാണ്. ഇവിടെ ദേവതകൾ ഇല്ല. ഇത് മനുഷ്യലോകമാണ്. ഈ ലക്ഷ്മീ നാരായണന്മാർ ദൈവീക ഗുണങ്ങൾ നിറഞ്ഞ മനുഷ്യരാണ്, ഇതിനെയാണ് ദൈവീകകുലം എന്നുപറയുന്നത്. സത്യയുഗത്തിൽ എല്ലാവരും ദേവീദേവതകളാണ്, സൂക്ഷ്മ വതനത്തിൽ ബ്രഹ്മാ-വിഷ്ണു- ശങ്കരന്മാരാണ്. ബ്രഹ്മാദേവതായെ നമ: വിഷ്ണു ദേവതായെ നമ:....... എന്നു പാടുന്നുണ്ട് പിന്നീട് പറയും ശിവ പരമാത്മായെ നമ: ശിവനെ ദേവത എന്നുപറയില്ല. മറ്റു മനുഷ്യരേയും ഭഗവാൻ എന്നുവിളിക്കില്ല. മൂന്ന് നിലകളുണ്ടല്ലോ. നമ്മൾ മൂന്നാമത്തെ നിലയിലാണ്. സത്യയുഗത്തിലെ ദൈവീക ഗുണങ്ങൾ നിറഞ്ഞ മനുഷ്യരാണ് ആസുരീയ അവഗുണങ്ങൾ നിറഞ്ഞവരായി മാറുന്നത്. മായയുടെ ഗ്രഹണം ഏൽക്കുന്നതിനാൽ കറുത്തുപോകുന്നു. ചന്ദ്രനും ഗ്രഹണം ഏൽക്കാറുണ്ടല്ലോ. അത് പരിധിയുള്ള കാര്യമാണ് എന്നാൽ ഇത് പരിധിയില്ലാത്ത കാര്യമാണ്. പരിധിയില്ലാത്ത പകലും പരിധിയില്ലാത്ത രാത്രിയും. ബ്രഹ്മാവിന്റെ രാത്രിയും പകലും എന്നു പാടാറുണ്ട്.

നിങ്ങൾക്ക് ഇപ്പോൾ ഒരു ബാബയിൽ നിന്നുമാത്രം പഠിക്കണം ബാക്കി എല്ലാം മറക്കണം. ബാബയിലൂടെ പഠിച്ച് നിങ്ങൾ പുതിയ ലോകത്തിന്റെ അധികാരിയാവുന്നു. ഇത് സത്യം സത്യമായ ഗീതാപാഠശാലയാണ്. സദാ പാഠശാലയിൽ ഇരിക്കുകയില്ല. മനുഷ്യർ കരുതുന്നത് ഭക്തിമാർഗ്ഗം ഭഗവാനെ കണ്ടുമുട്ടാനുള്ള വഴി യാണെന്നാണ്, കൂടുതൽ ഭക്തി ചെയ്യുമ്പോൾ ഭഗവാൻ പ്രീതിപ്പെടും പിന്നീട് വന്ന് ഫലം നൽകും. ഈ മുഴുവൻ കാര്യങ്ങളും നിങ്ങൾ ഇപ്പോഴാണ് മനസ്സിലാക്കുന്നത്. ഭഗവാൻ ഒന്നേയുള്ളു ആ ഭഗവാൻ ഇപ്പോൾ ഫലം നൽകുകയാണ്. ആരാണോ ആദ്യമാദ്യം വരുന്ന പൂജ്യരായ സൂര്യവംശികൾ ആവരാണ് ഏറ്റവും അധികം ഭക്തി ചെയ്തിരിക്കുന്നത്, അവരാണ് ഇവിടെ വരുക. നിങ്ങളാണ് ആദ്യമാദ്യം ശിവബാബയുടെ അവ്യഭിചാരി ഭക്തി ചെയ്തത് എങ്കിൽ തീർച്ചയായും നിങ്ങളല്ലേ ആദ്യത്തെ ഭക്തർ. പിന്നീട് വീണുവീണ് തമോപ്രധാനമായി മാറുന്നു. അരകല്പം നിങ്ങൾ ഭക്തി ചെയ്തു, അതിനാൽ നിങ്ങൾക്കുതന്നെയാണ് ആദ്യം ജ്ഞാനം നൽകുന്നത്. നിങ്ങളും നമ്പർവൈസാണ്.

ഞങ്ങൾ ദൂരെയാണ് ഇരിക്കുന്നത് അതിനാൽ ദിവസവും പഠിക്കാൻ പറ്റില്ല എന്ന് ഒഴിവ് കഴിവ് ഈ പഠിപ്പിൽ നിങ്ങൾക്ക് പറയാൻ കഴിയില്ല. ചിലർ പറയും ഞങ്ങൾ 10 മൈൽ ദൂരെയാണ് താമസിക്കുന്നത്. അല്ല, നിങ്ങൾ ബാബയുടെ ഓർമ്മയിൽ 10 മൈൽ കാൽനടയായി വന്നാലും ഒരിയ്ക്കലും ക്ഷീണിക്കില്ല. എത്ര വലിയ ഖജനാവ് നേടാനാണ് പോകുന്നത്. തീർത്ഥയാത്രകളിൽ ദർശനം നടത്താൻ മനുഷ്യർ കാൽനട യായി പോകുന്നു, എത്ര ക്ഷീണിക്കുന്നു. ഇതാണെങ്കിൽ ഒരേ പട്ടണത്തിലെ കാര്യമാണ്. ബാബ പറയുന്നു ഞാൻ എത്ര ദൂരെനിന്നാണ് വരുന്നത്, നിങ്ങൾ പറയുന്നു വീട് 5 മൈൽ ദൂരെയാണെന്ന്.........ആഹാ! ഖജ നാവ് നേടാൻ ഓടി വരുകയാണ് വേണ്ടത്. അമർനാഥിൽ ദർശനം നടത്താൻ വേണ്ടി മാത്രം എവിടെ നിന്നെല്ലാമാണ് വരുന്നത്. ഇവിടെയാണെങ്കിൽ അമരനാഥനായ ബാബ സ്വയം പഠിപ്പിക്കാനായി വന്നിരി ക്കുന്നു. നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കാൻ വന്നതാണ്. നിങ്ങളാണെങ്കിൽ ഒഴിവ് കഴിവുകൾ പറ ഞ്ഞുകൊണ്ടിരിക്കുന്നു. അതിരാവിലെ അമൃതവേളയിൽ ആർക്കുവേണമെങ്കിലും വരാവുന്നതാണ്. ആ സമയത്ത് ഒരു പേടിയുമില്ല. നിങ്ങളെ ആരും കൊള്ളയടിക്കുകയുമില്ല. അഥവാ എന്തെങ്കിലും ആഭരണം മുതലായവയുണ്ടെങ്കിൽ മോഷ്ടിക്കും. കള്ളന്മാർക്ക് പണവും സാധനങ്ങളും മാത്രം മതി. പക്ഷേ ആരുടെയാണോ ഭാഗ്യത്തിലില്ലാത്തത് അവർ വളരെ അധികം ഒഴിവ് കഴിവുകൾ പറയും. പഠിക്കുന്നില്ലെ ങ്കിൽ തന്റെ പദവി നഷ്ടപ്പെടുത്തും. ബാബ വരുന്നതും ഭാരതത്തിലാണ്. ഭാരതത്തെത്തന്നെയാണ് സ്വർഗ്ഗ മാക്കി മാറ്റുന്നത്. സെക്കന്റിൽ ജീവന്മുക്തിയ്ക്കുള്ള വഴി പറഞ്ഞുതരുന്നു. പക്ഷേ എല്ലാവരും പുരു ഷാർത്ഥവും ചെയ്യണമല്ലോ. ചുവടുവെയ്ക്കുന്നില്ലെങ്കിൽ പിന്നെ എങ്ങനെ എത്തിച്ചേരും.

നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് ഇത് ആത്മാക്കളും പരമാത്മാവും തമ്മിലുള്ള മിലനമാണ്. ബാബ യുടെ അടുത്തേയ്ക്ക് വന്നിരിക്കുന്നത് സ്വർഗ്ഗത്തിന്റെ സമ്പത്ത് നേടാനാണ്, പുതിയ ലോകത്തിന്റെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. സ്ഥാപന പൂർത്തിയായതും വിനാശം ആരംഭിക്കും. ഇത് അതേ മഹാഭാര തയുദ്ധം തന്നെയല്ലേ. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാ വുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1) ബാബ നൽകുന്ന ജ്ഞാനത്തിന്റെ ഖജനാവ് പ്രാപ്തമാക്കാൻ ഓടിയോടി വരണം, ഇതിൽ ഒരു പ്രകാര ത്തിലുള്ള ഉപേക്ഷയും പറയരുത്. ബാബയുടെ ഓർമ്മയിൽ 10 മൈൽ നടന്നാലും ക്ഷീണം തോന്നില്ല.

2) വിജയമാലയിൽ വരുന്നതിനുള്ള ആധാരം പഠിപ്പാണ്. പഠിപ്പിൽ പരിപൂർണ്ണ ശ്രദ്ധ നൽകണം. മുള്ളു കളെ പൂക്കളാക്കി മാറ്റുന്നതിനുള്ള സേവനം ചെയ്യണം. മധുരമായ വീടിനേയും മധുരമായ രാജധാനി യേയും ഓർമ്മിക്കണം.

**വരദാനം:- സംഗമയുഗത്തിന്റെ മഹത്വത്തെ അറിഞ്ഞ് ഒന്നിന് എണ്ണമറ്റ ഫലം പ്രാപ്തമാക്കുന്ന സർവ്വപ്രാപ്തി സമ്പന്നരായി ഭവിക്കട്ടെ.**

സംഗമയുഗത്തിൽ ബാപ്ദാദയുടെ പ്രതിജ്ഞയാണ് – ഒന്ന് കൊടുക്കൂ ലക്ഷം എടുക്കൂ. സർവ്വശ്രേഷ്ഠ സമയം, സർവ്വശ്രേഷ്ഠ ജന്മം, സർവ്വശ്രേഷ്ഠ ടൈറ്റിൽ എല്ലാം ഈ സമയത്തെയാണ് എന്നത് പോലെ സർവ്വപ്രാപ്തികളുടെയും അനുഭവം ഇപ്പോൾ തന്നെയാണ് ഉണ്ടാകുന്നത്. ഇപ്പോൾ ഒന്നിന് കേവലം ല ക്ഷം മടങ്ങല്ല കിട്ടുക മറിച്ച് എപ്പോൾ ആഗ്രഹിക്കുന്നുവോ, എന്താഗ്രഹിക്കുന്നുവോ ബാബ സേവകന്റെ രൂപത്തിൽ ബന്ധിതനാണ്. ഒന്നിന് എണ്ണമറ്റ തവണ റിട്ടേൺ ലഭിക്കുന്നു എന്തുകൊണ്ടെന്നാൽ വരദാതാവ് തന്നെ താങ്കളുടേതാണ്. എപ്പോൾ ബീജം താങ്കളുടെ കൈവശമാണോ ബീജം മുഖേന എന്ത് ആഗ്രഹിക്കുന്നുവോ അത് സെക്കന്റിനുള്ളിൽ എടുത്ത് സർവ്വപ്രാപ്തികളാലും സമ്പന്നരായി മാറാൻ സാധിക്കുന്നു.

**സ്ലോഗൻ:- എങ്ങനെയുള്ള പരിതസ്ഥിതിയാകട്ടെ, പരിതസ്ഥിതി മാറിപ്പോകും പക്ഷെ സന്തോഷം നഷ്ടപ്പെടരുത്.**

**അവ്യക്ത സൂചനകൾ:- ഏകാന്തപ്രിയരാകൂ ഏകതയും ഏകാഗ്രതയും സ്വായത്തമാക്കൂ.**
''ഏകതയും ഏകാഗ്രതയും'' - ഇവ രണ്ടും ശ്രേഷ്ഠ ഭുജങ്ങളാണ്, കാര്യങ്ങൾ ചെയ്യുന്നതിന്റെ സഫലതക്ക് വേണ്ടി. ഏകാഗ്രത അർത്ഥം സദാ നിർവ്യർത്ഥ സങ്കൽപ്പം, നിർവികൽപ്പം. എവിടെ ഏകതയും ഏകാഗ്രതയുമുണ്ടോ അവിടെ സഫലത കഴുത്തിലെ മാലയാണ്. വരദാതാവിന് ഒരു ശബ്ദം ഇഷ്ടപ്പെട്ടതാണ്– ''ഏകവ്രത'', ഒരു ബലം ഒരു വിശ്വാസം. അതിനോടൊപ്പം ഏകമതം, തന്നിഷ്ടവുമില്ല പരമതവുമില്ല, ഏകരസം, വേറെ ഒരു വ്യക്തിയുമില്ല, വൈഭവങ്ങളുടെ രസവുമില്ല, ഏകതയും ഏകാന്തപ്രിയവും മാത്രം.